# പോലീസ് വകുപ്പ്
# കേരളം

**No.U5-162385/2022/PHQ**
പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
✉phq.pol@kerala.gov.in
☏04712721547
തീയതി. 15-09-2022

**സർക്കുലർ. 21/2022/പി എച്ച് ക്യൂ**

വിഷയം : തെരുവ് നായകൾക്കെതിരായുള്ള പൊതുജനത്തിന്റെ അതിക്രമങ്ങൾ തടയുന്നതിനു വേണ്ടി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട നിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന : റിട്ട് ഹർജി നം. 13204/2021 മേൽ 14.09.2022 തീയതി ബഹു: കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ്.

കഴിഞ്ഞ കുറെ ദിവസങ്ങളായി തെരുവ് നായകൾ മനുഷ്യരെ, പ്രത്യേകിച്ച് വയോജനങ്ങളെയും സ്ത്രീകളെയും കുട്ടികളെയും, ആക്രമിക്കുകയും മാരകമായ രീതിയിൽ കടിച്ച് പരിക്കേൽപ്പിക്കുകയും അവയുടെ കടിയേറ്റ നിരവധിപേർ പേവിഷബാധയേറ്റ മരണപ്പെടുകയും തുടർന്നു പൊതുജനങ്ങളിൽ സംജാതമായ ഭീതിയുടെയും ആശങ്കയുടെയും തത്ഫലമായി സംസ്ഥാനത്ത് പല സ്ഥലങ്ങളിലും തെരുവു നായക്കളെ അകാരണമായും ക്രൂരമായും ആക്രമിച്ച് അംഗഭംഗം വരുത്തുന്നതോ തെരുവു നായകളെ കൂട്ടമായും ഒറ്റയ്ക്കും അടിച്ചോ വിഷം നൽകിയോ മറ്റ് രീതികൾ അവലംബിച്ചോ ജീവഹാനി വരുത്തുന്നതുമായ നിരവധി സംഭവങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുകയും തുടർന്ന് മേൽസൂചന പ്രകാരമുള്ള ഉത്തരവിൽ ഇത്തരത്തിലുള്ള നായകളുടെ ആക്രമണം തടയുന്നതിന് ഭരണകൂടം നടപടി സ്വീകരിക്കുന്നതിനോടൊപ്പം, തെരുവ് നായകളെ ആക്രമിക്കുന്ന പ്രവർത്തികളിൽ നിന്നും പൊതുജനങ്ങളെ പിന്തിരിപ്പിക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം പൊതുജനങ്ങൾക്ക് നല്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ പോലീസ് മേധാവി മുഖേന സ്വീകരിക്കണമെന്നും ബഹു: ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി.

1960 ൽ നിലവിൽ വന്ന മൃഗങ്ങൾക്കെതിരായുള്ള ക്രൂരത തടയുന്നതിനുള്ള നിയമത്തിലെ (Prevention of Cruelty to Animals Act, 1960) സെക്ഷൻ 11 പ്രകാരം തെരുവുനായകൾ ഉൾപ്പെടെയുള്ള മൃഗങ്ങളെ ഉപദ്രവിക്കുന്നതോ വിഷം കുത്തിവച്ചോ മറ്റേതെങ്കിലും ക്രൂരമായ രീതിയിലോ കൊല്ലുന്നതോ ആയ പ്രവർത്തി തടവുശിക്ഷയും പിഴയും ലഭിക്കാവുന്ന കുറ്റമായി വിവരിക്കുന്നു. ഇതു കൂടാതെ വളർത്തു നായകളെ ബോധപൂർവ്വം തെരുവുകളിലും വിജനമായ പ്രദേശങ്ങളിലും ഉപേക്ഷിക്കുന്നതും മേൽ പ്രസ്താവിച്ച നിയമപ്രകാരം കുറ്റകരമായ പ്രവർത്തിയാണ്.

തെരുവു നായക്കൾ പൊതുജനങ്ങളെ മാരകമായ രീതിയിൽ കടിച്ചു പരിക്കേല്പിക്കുകയും ആക്രമിക്കുകയും ചെയ്യുന്നത് പൂർണ്ണമായും ഒഴിവാക്കുന്നതിനും തടയുന്നതിനും ആവശ്യമായ നടപടികൾ സർക്കാരും ബന്ധപെട്ട വകുപ്പുകളും വളരെ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്ന പശ്ചാത്തലത്തിൽ മനുഷ്യന്റെ സൈ്വരജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്നതരത്തിലുള്ള എന്തെങ്കിലും പ്രയാസങ്ങളോ ബുദ്ധിമുട്ടുകളോ തെരുവു നായകളിൽ നിന്നും ഉണ്ടായാൽ പൊതുജനം നിയമം സ്വയം കയ്യിലെടുത്ത് അവയെ ഉപദ്രവിക്കുന്നതിനോ വിഷം നൽകിയോ മറ്റേതെങ്കിലും തരത്തിലോ ക്രൂരമായ രീതിയിൽ അവയുടെ ജീവന് അപകടം വരുത്തുന്ന പ്രവർത്തികളിൽ ഏർപ്പെടാതെയിരിക്കുന്നതിന് എല്ലാ SHO-മാരും റസിഡൻസ് അസോസിയേഷനുകൾ മുഖേനെ പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

മേൽ നിർദേശം എല്ലാ SHO-മാരും കൃത്യമായും പാലിക്കുന്നുണ്ട് എന്ന് ജില്ലാ പോലീസ് മേധാവിമാർ ഉറപ്പുവരുത്തേണ്ടതാണ്.

അനിൽ കാന്ത് ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ യൂണിറ്റ് മേധാവികൾക്കും/ബി ലിസ്റ്റിൽ വരുന്ന എല്ലാ ഓഫീസർമാർക്കും

പകർപ്പ് :
1. ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് പോലീസ് മീഡിയാ സെന്റർ, പോലീസ് ആസ്ഥാനം-അറിവിലേക്ക്
2. സർക്കുലർ ഫയൽ/പോലീസ് വെബ്സൈറ്റ്

U5-162385/2022/PHQ
50c605